LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് കെൽ ഫാക്ടറിയുടെ വികസനത്തിന് നടപടി

11 [943] ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കെൽ ഫാക്ടറി എന്നാണ് നിലവിൽ വന്നതെന്നും എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്നുമുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ ഇതുവരെയുള്ള ലാഭനഷ്ടക്കണക്ക് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കെൽ-കാസർഗോഡ് യൂണിറ്റ് 1990 ആഗസ്റ്റ് മാസം മുതലാണ് പ്രവർത്തനം തുടങ്ങിയത്. ഇപ്പോൾ 240 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇതുവരെയുള്ള ലാഭനഷ്ടക്കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കെൽ-ന്റെ കാസർഗോഡ് യൂണിറ്റിന് വേണ്ടി ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്ത ദീർഘകാല വായ്പയും പലിശയും കൂടി ഒറ്റത്തവണ തീർപ്പാക്കൽ പ്രകാരം അടച്ചുതീർക്കുന്നതിനായി 1721 ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

ഇൽമനൈറ്റ് ക്ഷാമം പരിഹരിക്കാൻ നടപടി

12 [944] ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലാഭകരമായി പ്രവർത്തിച്ചുവരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ഇൽമനൈറ്റ് ക്ഷാമം കാരണം ഇപ്പോൾ ഉൽപ്പാദന പ്രതിസന്ധി നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇൽമനൈറ്റ് വിതരണം ചെയ്യുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനത്തിന് ആവശ്യമായ അളവിൽ ഇൽമനൈറ്റ് നൽകാതിരിക്കുകയും സ്വകാര്യ കമ്പനികൾക്ക് ആവശ്യാനുസരണം നൽകുകയും ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ സമീപനത്തിനെതിരെ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന് ആവശ്യമായ അളവിൽ ഇൽമനൈറ്റ് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് കമ്പനിക്ക് പ്രതിവർഷം ആവശ്യമായ 60,000 മെട്രിക് ടൺ ഇൽമനൈറ്റ് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിൽ നിന്നും ലഭ്യമാക്കുവാൻ കേന്ദ്ര ഗവൺമെന്റിന്റെ അണുശക്തി വികസന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം ഐ.ആർ.ഇ.-യുടെ മണവാളക്കുറിച്ചി ഡിവിഷനിൽ നിന്നാണ് കഴിഞ്ഞ കുറേ വർഷങ്ങളായി കമ്പനിക്ക് ഇൽമനൈറ്റ് ലഭിക്കുന്നത്. എസാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 24,825 മെട്രിക് ടൺ ഇൽമനൈറ്റ് മാത്രമേ അവിടെ നിന്നും ലഭിച്ചിട്ടുള്ളൂ. മാത്രമല്ല, ഈ നവംബറിനുശേഷം ആകെ 2500 മെട്രിക് ടൺ മാത്രമേ ലഭിച്ചിട്ടുള്ളൂ. ഇപ്രകാരം ഇൽമനൈറ്റ് ലഭിക്കാത്തതുകൊണ്ട് കമ്പനിയിലെ ടൈറ്റാനിയം ഡൈ ഓക്സൈഡ് ഉൽപ്പാദനം ഗണ്യമായി കുറയ്ക്കേണ്ടി വരികയും തൽഫലമായി കമ്പനിക്ക് ഉൽപ്പാദനത്തിൽ കുറവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(സി & ഡി) ഇന്ത്യൻ റെയർ എർത്ത്സ് കമ്പനിയിൽ നിന്ന് ട്രാവൻകൂർ ടൈറ്റാനിയം കമ്പനിക്ക് ആവശ്യമായ അളവിൽ ഇൽമനൈറ്റ് ലഭ്യമാക്കുന്ന കാര്യം I.R.E. അധികൃതരുമായി മന്ത്രിതലത്തിൽ 13-2-2006-ന് ചർച്ച ചെയ്ത് ഉറപ്പാക്കിയിട്ടുണ്ട്.

ആഗോള നിക്ഷേപ സംഗമത്തിലൂടെ ഉണ്ടായ വ്യവസായ നിക്ഷേപം

13 [947] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റിന് ശേഷം അതിന്റെ ഭാഗമായി സംസ്ഥാനത്ത് വ്യവസായ രംഗത്ത് എന്തുതുകയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട് ;

(ബി) ഏതെല്ലാം പദ്ധതികളിലാണ് ഈ നിക്ഷേപം ഉണ്ടായിട്ടുള്ളത് ;

(സി) ഓരോ പദ്ധതിയുടെയും സംഖ്യ എത്രയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 'ജിം' പദ്ധതികൾ മുഖേന സംസ്ഥാനത്ത് 340.20 കോടിയുടെ നിക്ഷേപം ഒക്ടോബർ 2005 വരെ വന്നിട്ടുണ്ട്.

(ബി & സി) പദ്ധതികളുടെ പട്ടികയും മുതൽമുടക്കും അനുബന്ധമായി നൽകുന്നു. †

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly